കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

## മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

## e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട
സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയം

ഇ-മെയിൽ -വെബ് -www.lfa.kerala.gov.in

ഡെപ്യൂട്ടിഡയറക്ടർ
നം.കെ.എസ്.എ.എംപിഎം.15/3004/2016

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : .പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് - 2015-2016സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 .സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന

ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ എസ് എ.എം.പി.എം.15/3004/2016 തിയ്യതി: 7.12.2016

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 30/04/2016 തിയ്യതി വരെയുള്ള വരവ് ചെലവ് കണക്കുകളുടെ വിശദമായ പരിശോധന പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് 23/09/2016ന് റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പഞ്ചായത്ത് 24-05-2016മുതൽ 12-10-2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ യിൽ പ്രസക്തമായ അപാകതകളൊന്നും റിപ്പൊർട്ട് ചെയ്തിട്ടില്ലാത്തതിനാൽ താഴെ പറയുന്ന രശീതികളുടെ പരിശോധനയും ആഗസ്റ്റ് മാസത്തെ വിവിധ അക്കൌണ്ടുകളിലെ പിൻവലിക്കലുകളും മാത്രമാണ് ഓഡിറ്റിൽ പരേശാധിച്ചിട്ടുള്ളത്.

| പരിശോധിച്ച രശീതികൾ | ഉപയോഗിച്ച ആകെ രശീതികളുടെ എണ്ണം. |
|---|---|
| 1873 | 4700 |

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറി പ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നില നിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യ ത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

| സ്ഥാപനം | പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് |
|---|---|
| വിസ്തീർണ്ണം | 21.19ച.കീമി |
| ജനസംഖ്യ | 34941 |
| വാർഡുകളുടെ എണ്ണം | 19 |
| ആകെ ജീവനക്കാരുടെ | 15 |

| | |
|---|---|
| എണ്ണം | |
| സ്ഥിരം | 15 |
| താൽക്കാലികം | 2 |
| കരാറടിസ്ഥാനത്തിൽ | 3 |
| ആകെ | 20 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ – ശ്രീ.എ.എസ്.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ.

ഓഡിറ്റിന് വിനിയോഗിച്ച സമയം – 14.10.2015 മുതൽ 21.10.2015 വരെ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി ശുഭാദേവി.കെ | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ മുഹമ്മദ് അലി.എം | അസി.ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീ വിനോദ്.പി.എ | അസി.ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ ശ്രീകാന്ത്.വി.പി | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.ടി. കുഞ്ഞാപ്പുട്ടി<br>റംല.പി.കെ | 01/04/2015-31/10/2015<br>19/11/2015-31/03/2016 |
| സെക്രട്ടറി | ശ്രീ.ജെ.ശിവൻകുട്ടി | 01/04/2015-31/03/2016 |

നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.ജെ.ശിവൻകുട്ടി | 01/04/2015-31/03/2016 |
| അസി. എഞ്ചിനിയർ | ശ്രീമതി.ദിവ്യ.എം.എൻ | 01/04/2015-31/03/2016 |
| കൃഷിഓഫീസർ | ശ്രീ,ഷാജി,പി | 01/04/2015-31/03/2016 |
| ICDSസൂപ്പർവൈസർ | ശ്രീമതി.പ്രേമലീല | 01/04/2015-31/03/2016 |
| വി.ഇ.ഒ. | ശ്രീ.രാജീവ്.പി | 01/04/2015-31/03/2016 |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി.ശൈലജ.എം | 05/10/2015-31/03/2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സജ്നി.ഒ | 01/04/2015-31/03/2016 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഷീജ.ജി | 01/04/2015-31/03/2016 |
| ഹെഡ്മിസ്ട്രസ്. | ശ്രീമതി.ശശിലത.സി.പി. | 01/04/2015-31/03/2016 |
| വെറ്റിനറി സർജൻ | ഡോ.രജിത ജോസഫ് | 01/04/2015-31/03/2016 |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.ദിവ്യ ഉണ്ണികൃഷ്ണൻ<br>ഡോ.സൗമ്യ.പി.സി | 01/04/2015-31/12/2015<br>01/01/2016-31/03/2016 |

ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1(1) | |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1(3) | |
| 4 | സാമ്പത്തിക വിശകലനം | 1(4) | |
| 5 | ഫണ്ട് വിനിയോഗം | 1(5) | |
| 6 | പദ്ധതി അവലോകനം | 1(6) | |
| 7 | തനത് വരുമാനം | 1(7) | |

| | | | |
|---|---|---|---|
| 8 | ക്ഷേമപദ്ധതികൾ | 1(8) | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1(9) | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) | |
| 11 | അനുബന്ധ പത്രികകൾ | 1(11) | |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (1)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | തൊഴിൽനികുതി ഈടാക്കുന്നില്ല | 2(1) | |
| 2 | റേഷൻ കടകൾ പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു. | 2(2) | |
| 3 | സി.ബി.എസ്.ഇ സ്കൂളിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2(3) | |
| 4 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 2(4) | |
| 5 | പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല | 2(5) | |
| 6 | വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 2(6) | |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 19 (2)1996 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | വികലാംഗർക്ക് സൈഡ് വീലോട്ടുകൂടിയ സ്കൂട്ടർ വിതരണം - അധിക തുക ചെലവഴിച്ചു. | 3(1) | |
| 2 | ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം | 3(2) | |

| | | | |
|---|---|---|---|
| | നടത്തിയ പദ്ധതിയിലെ അപാകതകൾ | | |
| 3 | അംഗനവാടികളുടെ ഭൗതിക സാഹചര്യം പരിതാപകരം | 3(3) | |
| 4 | ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല | 3(4) | |
| 5 | തെരുവ് വിളക്ക് പരിപാലനത്തിലെ വീഴ്ച പരിഹരിക്കണം. | 3(5) | |
| 6 | ഗുണഭോക്തൃവിഹിതം തനതുഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു. | 3(6) | |
| 7 | തിരിച്ചേല്പിച്ച സ്കൂട്ടർ ഗുണാഭോക്താവിനെ കണ്ടെത്തി വിതരണം ചെയ്യണം. | 3(7) | |
| 8 | പദ്ധതി ചെലവ് അവലോകനം | 3(8) | |
| 9 | ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3(9) | |
| 10 | കുഴൽ കിണർ ഉപയോഗിക്കുന്നില്ല ; 84950 രൂപ പാഴ്ച്ചെലവായി | 3(10) | |
| 11 | റോഡ് കോൺക്രീറ്റ്പ്രവൃത്തി - 1:2:4 സിമെന്റ് കോൺക്രീറ്റിന് 10cm കനം - അനാവശ്യ ചെലവ് | 3(11) | |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) | |

| | | | |
|---|---|---|---|
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) | |
| 6 | ഓഡിറ്റ് റിക്കവറി | 4(6) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4(7) | |
| 8 | ആശുപത്രി വികസന സമിതികളുടെ കണക്കുകൾ | 4(8) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4(9) | |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(10) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 01/24-03-2015 | 1/29-02-2016 |

സർക്കാർ അനുമതി നലകിയത് പ്രകാരം സേവന നികുതി,പരസ്യ നികുതി,വാടക എന്നി ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിന് വരുമാനം ആർജ്ജിക്കാവുന്നതാണെങ്കിലും,ആയതിനുള്ള ശ്രമം ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടായിട്ടില്ല. ബജറ്റിൽ ടി നികുതി ഇനങ്ങൾ കൂടി ഉൾ പ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമം നടന്നതായി കാണുന്നില്ല. ബജറ്റ് എസ്റ്റിമേറ്റും ഡിമാന്റും (വരവ്)തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ബജറ്റ് നിർദ്ദേശം | യഥാർത്ഥ ഡിമാന്റ് | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തു നികുതി | 4100000 | 3412344 | -687656 |
| 2 | തൊ.നികുതി | 1500000 | 1138620 | -361380 |
| 3 | രജി.ഫീസ് | 200000 | 46650 | -153350 |
| 4 | ഡി&ഒ ലൈസൻസ് | 400000 | 47900 | -352100 |

| | | | | |
|---|---|---|---|---|
| 5 | എക്സ്ട്രാറ്റ് ഫീ | 95000 | 35 | -94965 |
| 6 | ഫൈൻ | 200000 | 110712 | -89288 |

മേൽ സൂചിപ്പിച്ച കണക്കുകൾ പരിശോധിച്ചാൽ വിവിധ ഇനങ്ങളുടെ ബജറ്റ് നിർദ്ദേശവും യഥാർത്ഥ ഡിമാൻറും തമ്മിൽ പ്രകടമായ വ്യത്യാസമുണ്ട്.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1 പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാക്കാനിടയുള്ള വരവ് - ചെലവുകളുടെ വിശദമായഎസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിക്കുമുമ്പായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മറ്റികൾ സെക്ററ്ററിയും അതതു വിഷയങ്ങൾ കൈകാര്യം ചെയുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റികൾക്ക് സമർപ്പിക്കേണ്ടതുമാണ്.എന്നാർ ഈ നടപടിക്രമം പൂർത്തിയാക്കിട്ടുള്ളത് 26-02-2015-ൽ മാത്രമാണ്.നിയമം അനുശാസിക്കുന്ന രീതിയിലും യാഥാർത്ഥ്യ ബോധത്തോടുകൂടിയും ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 04.06.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-2016 | 18/10/2016 | കെ.എസ്.എ.എംപിഎം.15/3004/2016 തീയ്യതി 7.12.2016 |

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

അപാകതകൾ

1. എല്ലാ ആസ്തികളുടേയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 27711138 |
| വരവ് | 34636239 |
| ആകെ | 62347377 |
| ചെലവ് | 44976056 |
| നീക്കിബാക്കി | 17371321 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2826897 | 7978295 | 10805192 | 10805192 | (+)2196141 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്(എസ്.സി.പി) | 1046498 | 3027933 | 4074431 | 3127933 | (-) 946498 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 3483000 | 3483000 | 3483000 | | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 867166 | 1831496 | 2698662 | 2698662 | | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 3259317 | 4507129 | 7766446 | 6516803 | (-) 1249663 | 0 |
| ലോക ബാങ്ക് സഹായം | 2932000 | 0 | 2932000 | 2932000 | | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 181 | 131 | 9 | 41 | 72.38 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് |
|---|---|---|---|---|---|
| സെക്രട്ടറി | 26 | 17 | 7494902 | 5430923 | 72.5 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 2 | 2 | 350000 | 350000 | 100 |
| മെഡിക്കൽ ഓഫീസർ (PHC) | 3 | 3 | 900000 | 854370 | 94.9 |
| അസി എഞ്ചിനിയർ | 117 | 89 | 22716286 | 17416440 | 76.7 |
| അസി.സെക്രട്ടറി | 5 | 3 | 2295000 | 1823068 | 79.4 |
| ICDSസൂപ്പർവൈസർ | 3 | 3 | 3851800 | 3416392 | 88.7 |
| കൃഷിഓഫീസർ | 4 | 4 | 910000 | 909960 | 99.9 |

| | | | | | |
|---|---|---|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 250000 | 227049 | 90.8 |
| വെറ്റിനറി സർജൻ | 4 | 4 | 2052075 | 1651155 | 80.5 |
| വി.ഇ.ഒ. | 10 | 8 | 3383450 | 2307100 | 68.2 |
| ഹെഡ്മിസ്ട്രസ്. | 6 | 5 | 1400000 | 862700 | 61.6 |

മേൽ സൂചിപ്പിച്ച കണക്കുകൾ പരിശോധിച്ചാൽ മെഡി.ഓഫീസർ (ആയുർവേദവും) കൃഷിയും അനുബന്ധ മേഖലകളിലുമായി കൃഷിഓഫീസറും നടപ്പിലാക്കിയ പദ്ധതികളിൽ മാത്രമാണ് 100% തുക ചെലവഴിക്കപ്പെട്ടിട്ടുള്ളത്. സെക്രട്ടറി ,വെറ്ററിനറിസർജൻ,ഐ.സി .ഡി.എസ് സൂപ്പർവൈസർ എച്ച്.എം തുടങ്ങിയ നിർവഹണ ഉദ്യോഗസ്ഥരുടെ കാര്യത്തിൽ ചെലവ് ശതമാനം ശരാശരി 70% മുതൽ 80% വരെ മാത്രമാണ്. മാത്രവുമല്ല ചെറുകിട വ്യവസായവുമായി ബന്ധപ്പെട്ട മേഖലയിൽ വി.ഇ.ഒ പ്രൊജക്ടുകളൊന്നും തന്നെ ഏറ്റെടുത്ത് നടപ്പാക്കിയിട്ടില്ല എന്ന് കാണുന്നു.വകയിരുത്തിയ പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കപ്പെടാത്തത് മൂലം ഈ മേഖലയിൽ കൂടുതൽ ഗുണഭോക്താക്കൾക്ക് ഉപയോഗപ്പെടുമായിരുന്ന തുകയാണ് നഷ്ടപ്പെട്ടത്. വകയിരുത്തുന്ന തുക പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്നും എല്ലാ മേഖലകളിലും അതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5431991 | 4000187 | 1431804 | 73.64 |
| നികുതിയേതര വരവുകൾ | 423485 | 943488 | 520003 | 222.79 |
| മറ്റ് വരവുകൾ | 258120 | 489106 | 230986 | 189.48 |
| ആകെ | 6113596 | 5432781 | 680815 | 88.86 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 5 | 5 | 1 | - |
| 2 | തൊഴിൽ രഹിത വേതനം | ഇല്ല | | | - |
| 3 | വിധവാ പെൻഷൻ | 76 | 76 | 2 | - |
| 4 | വികലാംഗ പെൻഷൻ | 11 | 11 | 2 | - |
| 5 | അവിവാഹിതരായ | ഇല്ല | | | |

| | | | | | |
|---|---|---|---|---|---|
| | സ്ത്രീകൾക്കുള്ള പെൻഷൻ | | | | |
| 6 | വാർദ്ധക്യകാല പെൻഷൻ | 212 | 212 | 2 | - |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ്പരിശോധന14-10-2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 26594/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26/9/16-27/9/16 | 1/8/16-31/8/16 | ലഭിച്ചിട്ടില്ല | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 17/5/2010-28 /5/2010 | 2005/06-2009/10 | 6/7/2010 | ഇല്ല |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി ഈടാക്കുന്നില്ല

1996 ലെ കേരള പഞ്ചായത്തീരാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ 2015-16, വർഷത്തിലെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാർ | അർദ്ധ വർഷം |
|---|---|---|---|
| 1 | ജി.എം.എൽ.പി സ്കൂൾ | സുഷ്മന റാണി.കെ.വി<br>രവി കുമാർ.എ.കെ<br>നജ്മ.കെ | 1 അർദ്ധ വർഷം<br>11 അർദ്ധ വർഷം<br>11 അർദ്ധ വർഷം |
| 2 | അൽഫലാഹ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | മുഴവൻ ജീവനക്കാർ | 1,11 അർദ്ധ വർഷങ്ങൾ |
| 3 | യൂണിവേഴ്സ് എൻജി.കൺസ്ട്രക്ഷ്സ് | മുഴവൻ ജീവനക്കാർ | 1,11 അർദ്ധ വർഷങ്ങൾ |
| 4 | മൊണാർക്ക് ബിൽഡേഴ്സ് | മുഴവൻ ജീവനക്കാർ | 11 അർദ്ധ വർഷം |

| | | | |
|---|---|---|---|
| 5 | പി.എച്ച്.സി | സബിത.എം<br>റീജ.വി.പി<br>ജയകൃഷ്ണൻ | 1,11 അർദ്ധ വർഷങ്ങൾ<br>1,11 അർദ്ധ വർഷങ്ങൾ<br>1,11 അർദ്ധ വർഷങ്ങൾ |
| 6 | സിവിൽ ടെക്ക്<br>പറമ്പിൽ പീടിക | മുഴവൻ ജീവനക്കാർ | 11 അർദ്ധ വർഷം |
| 7 | ജി.എച്ച്.എസ്.എസ്. പെരുവള്ളൂർ | സുബൈദ<br>വത്സമ്മ<br>ആനയോസ്<br>ബാലകൃഷ്ണൻ.പി<br>രേഖ.ആർ<br>സുരേഷ് ബാബു | 1,11 അർദ്ധ വർഷങ്ങൾ<br>11 അർദ്ധ വർഷം<br>1,11 അർദ്ധ വർഷങ്ങൾ<br>1,11 അർദ്ധ വർഷങ്ങൾ<br>11 അർദ്ധ വർഷം<br>1,11 അർദ്ധ വർഷങ്ങൾ |
| 8 | ജി.എൽ.പി. സ്കൂൾ.ഒളുക്കര | എബി ആന്റണി<br>വേണുഗോപാലൻ | 1,11 അർദ്ധ വർഷങ്ങൾ<br>1,11 അർദ്ധ വർഷങ്ങൾ |
| 9 | ഐ.എസ്.എം.യു.പി. സ്കൂൾ.ഒളുക്കര | ലിസ<br>സുജാത<br>മുഹമ്മദ് ബഷീർ<br>രവി.കെ.കെ | 1,11 അർദ്ധ വർഷങ്ങൾ<br>1,11 അർദ്ധ വർഷങ്ങൾ<br>11 അർദ്ധ വർഷം<br>11 അർദ്ധ വർഷം |

ഗ്രാമ പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ ഉണ്ടായ നഷ്ടം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 2-2 റേഷൻ കടകൾ പഞ്ചായത്ത് ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമനമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ റേഷൻ കടകൾക്കും ലൈസൻസ് നൽകുവാനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 09-18/10/2016 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 08 റേഷൻകടകളുണ്ട് എന്ന വിവരം ലഭ്യമാക്കി.

| പ്രവർത്തിക്കുന്ന സ്ഥലം | എണ്ണം |
|---|---|
| പറമ്പിൽ പീടിക | 1 |
| വരപ്പാറ | 1 |
| കച്ചട | 1 |
| ഇരുമ്പൻ കുടുക്ക് | 1 |
| ഉണ്ടുങ്ങൽ | 1 |
| ഇല്ല്യത്ത് മാട് | 1 |
| കൊല്ലം ചിന | 1 |
| കടമണ്ണ ചിനക്കൽ | 1 |
| ആകെ | 08 |

ആയതിനാൽ അടിയന്തിരമായി ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്

## 2-3 <u>സി.ബി.എസ്.ഇ സ്കൂളിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്</u>

central board of secondary education 01/(CBSE/Aff/circulars 29/7/2009 bye law rule3.3(V)പ്രകാരം CBSEschool ൽ ജോലിചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവ്വീസിൽ ഇതേ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജിവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്തപക്ഷം കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ശമ്പള നിരക്ക് നൽകണമെന്നും വ്യക്തമാക്കിയിട്ടുണ്ട് എന്നാൽ പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന Navabharath central School (Affiliation Code:930777) 2015-2016 വർഷത്തിലെ I , II അർധ വർഷങ്ങളിൽ സമർപ്പിച്ച പത്രികകളിൽ മേൽ ഉത്തരവിൽ പരാമർശിക്കും പ്രകാരമുള്ള ശമ്പള നിരക്കുകളല്ല രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ ഗ്രാമ പഞ്ചായത്തിന് തൊഴിൽ നികുതിയിനത്തിൽ നഷ്ടം വന്നിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി 05-18/10/2016 പ്രകാരം മറുപടി ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി കാലയളവിലെ തൊഴിൽ നികുതി പത്രികകൾ പുതുക്കി സമർപ്പിക്കാൻ ആവശ്യപ്പെടേണ്ടതും ഗ്രാമ പഞ്ചായത്തിന് ഉണ്ടായ നഷ്ടം ഈടാക്കേണ്ടതുമാണ്

## 2-4 <u>കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്</u>

പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിലെ ടെണ്ടർ രജിസ്റ്റർ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കരാറുകാർ വിവിധ മരാമത്ത് ജോലികൾ നിർവഹിച്ചതായി കാണുന്നു.എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ ടി കരാറുകാരിൽ നിന്നും 2015-16 വർഷങ്ങളിൽ തൊഴിൽ നികുതി പിരിക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | കരാറുകാരുടെ പേര് |
|---|---|
| 1 | ടി.കെ.മുഹമ്മദ് |
| 2 | നൗഫൽ.പി.പി |

ഓഡിറ്റ് എൻക്വയറി 07-18/10/2016 പ്രകാരം ടി കരാറുകാരിൽ നിന്നും 2015-16 വർഷങ്ങളിൽ തൊഴിൽ നികുതി ഈടാക്കിയില്ല എന്ന വിവരം ലഭ്യമാക്കിയതിനാൽ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

## 2-5 <u>പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചില്ല</u>

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷത്തിൽ തുക ഒന്നും ഈടാക്കിയിട്ടില്ല. അതിനാൽ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി പരസ്യനികുതി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 <u>വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്</u>

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ 2015-2016 വർഷങ്ങളിൽ വസ്തുനികുതിയിനത്തിൽ വൻ തുകകൾ പിരിച്ചെടുക്കുവാനുണ്ടെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. വാർഷിക ധനകാര്യ പത്രികകൾ പ്രകാരമുള്ള വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| പിരിവിനം | കുടിശ്ശിക ഡിമാന്റ് | കുടിശ്ശിക പിരിവ് | പിരിവ് % | തൻവർഷം ഡിമാന്റ് | തൻവർഷം വരവ് | പിരിവ് % |
|---|---|---|---|---|---|---|
| കെട്ടിട നികുതി | 723500 | 378254 | 52.88 | 3412344 | 2483313 | 72.77 |

തനത്ഫണ്ടിലേക്ക് ലഭ്യമാകേണ്ട നികുതി യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പിരിവ് ഊർജ്ജിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം - അധിക തുക ചെലവഴിച്ചു.

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ട് (നം. 116/2016) മുഖേന 7 വികലാംഗർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ വിതരണം ചെയ്തിട്ടുണ്ട്. കുറ്റിപ്പുറം കെൽട്രോണിൽ നിന്നാണ് സ്കൂട്ടർ വാങ്ങിയിട്ടുള്ളത്. കെൽട്രോണിന്റെ ഇൻവോയ്സ് നമ്പർ MKTG/025/K തീയ്യതി 08/09/2015 പ്രകാരം ഒരു സ്കൂട്ടറിന് ₹69,500/- നിരക്കിൽ 7 എണ്ണത്തിന് ₹4,86,500/- വികസന ഫണ്ടിൽ നിന്നും കെൽട്രോണിന് നൽകി. (ഡി.ഡി.നം. 723068 തീയ്യതി 01/10/12016). മഹീന്ദ്രയുടെ RODEO UZO 125 എന്ന സ്കൂട്ടറാണ് വിതരണം ചെയ്തത്. ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകൾ പ്രകാരം കെൽട്രോൺ ഈ സ്കൂട്ടർ വാങ്ങിയിട്ടുള്ളത് മേരാ മൊബൈക്ക്, പെരിന്തൽമണ്ണ എന്ന ഡീലറിൽ നിന്നാണ്. മേരാ മൊബൈക്കിന്റെ ഇൻവോയിസ് പ്രകാരം സൈഡ് വീലോടു കൂടിയ ഒരു സ്കൂട്ടറിന്റെ ആകെ വില (നികുതികൾ അടക്കം) ₹51,360/- യാണ്. കൂടാതെ ഇൻഷ്യൂറൻസ് പ്രീമിയം ₹1,324/- യും വികലാംഗരുടെ വാഹനമാകയാൽ ഇവയെ വാഹന നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ആയതിനാൽ ഒരു സ്കൂട്ടറിന് ആകെ ചെലവ് ₹52,684/- യാണ്. 7 എണ്ണത്തിന് മൊത്തം ₹3,68,788/- യാണ് നൽകേണ്ടത്. എന്നാൽ കെൽട്രോൺ ഇതിന് ഈടാക്കിയത് ₹4,86,500/- യാണ്. ആയതിനാൽ അധികം വാങ്ങിയ ₹1,17712/- കെൽട്രോണിൽ നിന്ന് തിരികെ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

## 3-2 ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പദ്ധതിയിലെ അപാകതകൾ

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ 2015-16 വർഷത്തിൽ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പദ്ധതിയിൽ ചില അപാകതകൾ കാണുന്നു. വിശദ വിവരം താഴെ.

| ക്രമ നം. | പ്രോജക്ട് | ബിൽ നം./ ചെക്ക് നം. | തുക | അപാകത |
|---|---|---|---|---|
| 1. | വിജയവീഥി പ്രോജക്ട് നം. 52/2016 | 086966 തീയ്യതി 25/01/2016 | ₹10,000/- | 2015 – 16 വർഷത്തെ ഗ്രാമപഞ്ചായത്ത് മേള 18/11/2015 ൽ എം.ഐ.എസ്.എം. യു.പി. സ്കൂളിൽ വച്ച് നടത്തുന്നതിനായിട്ടാണ് ടി പണം ചെലവഴിച്ചിട്ടുള്ളത്. ജി.ഒ. (എം.എസ്.) 362/2013 /തസ്വഭവ തീയ്യതി 16/11/2013 ഖണ്ഡിക 7.7 പ്രകാരം ഉത്പാദനപരമല്ലാത്ത മേളകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ |

| | | | | |
|---|---|---|---|---|
| | | | | പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കാൻ പാടില്ല എന്ന വ്യവസ്ഥ ഇവിടെ ലംഘിക്കപ്പെട്ടു. |
| 2. | ഗവൺമെന്റ് സ്കൂളുകൾക്ക് ഫർണിച്ചർ<br>പ്രോജക്ട് നം. 127/2016 | അലോട്ട്മെന്റ് നം. 95/2015-16 | ₹5,00,000/- | ടെന്റർ ലഭിച്ച ഫിഡ്കോ, കാലിക്കറ്റ് എന്ന സ്ഥാപനം സമർപ്പിച്ച ടെന്ററിൽ സ്റ്റീൽ അലമാര (78"x36"x19") 2 വ്യത്യസ്ത ഇനമാണ് ക്വോട്ട് ചെയ്തത്. 20 ഗേജ് അലമാരക്ക് ₹6,662/- യും 18 ഗേജ് അലമാരക്ക് ₹7,442/- യും. ഹെഡ്മിസ്ട്രസ്സ് 03/08/2015 ന് സെക്രട്ടറിക്ക് സമർപ്പിച്ച കമ്പാരിറ്റീവ് സ്റ്റേറ്റ്മെന്റിൽ ₹6,442/- യുടെ അലമാര വാങ്ങാൻ അംഗീകാരം നൽകണമെന്ന് അഭ്യർത്ഥിച്ചു. എന്നാൽ 03/08/2015 നടന്ന 3 (1) നമ്പർ ഭരണ സമിതി തീരുമാനത്തോടൊപ്പമുള്ള കമ്പാരറ്റീവ് സ്റ്റേറ്റ്മെന്റിൽ ₹7,442/- യുടെ സ്റ്റീൽ അലമാര വാങ്ങാനാണ് അംഗീകാരം നൽകിയത്. 04/08/2015 ൽ ഫിഡ്കോയ്ക്ക് നൽകിയ പർച്ചേസിംഗ് ഓർഡറിൽ സ്റ്റീൽ അലമാര 18/20 ഗേജ് 8 എണ്ണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. 17/11/2015 ൽ ഫിഡ്കോ സർപ്പിച്ച ബില്ലിൽ ₹7,442/- യുടെ അലമാര സപ്ലൈ ചെയ്തതായി കാണുന്നു. എന്നാൽ ഏത് ഗേജ് അലമാരയാണ് എന്ന് ബില്ലിൽ |

| | | | | |
|---|---|---|---|---|
| | | | | രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 18 ഗേജ് സ്റ്റീൽ അലമാരതന്നെയാണോ ലഭിച്ചതെന്ന് ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കണം. |

## 3-3 അംഗനവാടികളുടെ ഭൗതിക സാഹചര്യം പരിതാപകരം

ഐ.സി.ഡി.എസ് സൂപ്പർവൈസർ നൽകിയ കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ 34 അംഗനവാടികളാണുള്ളത്. ഇതിൽ 24എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. 7 എണ്ണം വാടകകെട്ടിടത്തിലും 3 എണ്ണം വാടകയില്ലാത്ത കെട്ടിടങ്ങളിലുമാണ് പ്രവർത്തിക്കുന്നത്.8 അംഗൻവാടികൾ കുടിവെള്ളത്തിനായി അയൽവീടുകളെയാണ് ആശ്രയിച്ചുപോരുന്നത്.12 അംഗൻവാടികൾ ചുറ്റുമതിൽ ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നു.ആകെയുള്ള 34അംഗൻവാടികളിൽ കേവലം 3 എണ്ണത്തിനു മാത്രമാണ് ബേബിഫ്രണ്ടലി ടോയ്‌ലറ്റ് സൗകര്യമുള്ളത്.സർക്കുലർ നം.31055/ഡി.സി.2/2011 ത.സ്വ.ഭ.തീ.23.3.11 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയം ഭരണസ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസിയർ വാടക കെട്ടിടങ്ങൾഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളുംസന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. 47,49,57,58,60,62 എന്നീ അംഗൻവാടികൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിച്ചുവരുന്നതായാണ് നിർവഹണോദ്യോഗസ്ഥ അറിയിച്ചത്.യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അംഗൻവാടികൾ പ്രവർത്തിക്കാൻ പാടില്ല. വലിയപറമ്പ് അംഗൻവാടിയിൽ ഭൗതികപരിശോധന നടത്തിയപ്പോൾ വലിയ ഗോതമ്പ് ചാക്കുകൾ അട്ടിവെച്ചതിന്റെ തൊട്ടുതാഴെ പായ വിരിക്കാതെ വെറും നിലത്ത് തീരെ സുരക്ഷിതമല്ലാതെ കുട്ടികളെ കിടത്തി ഉറക്കുന്നത് കാണാൻ കഴിഞ്ഞു. പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന അംഗൻവാടികളിൽ പഠിക്കുന്ന കുട്ടികളുടെ ആരോഗ്യവും സുരക്ഷിതത്ത്വവും ഉറപ്പുവരുത്തേണ്ടത് പഞ്ചായത്തിൻെറ കടമയാണ്. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യവികസനത്തിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 ന്യൂട്രിമിക്സ് സാമ്പിളുകൾ ലാബ് പരിശോധന നടത്തിയിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പ്രോജക്റ്റ് നം. S 0038/16- അംഗൻവാടി പോഷകാഹാര പദ്ധതിയുടെ ഭാഗമായി 6 മാസം മുതൽ 3 വയസു വരെ പ്രായമുള്ള കുട്ടികൾക്ക് ന്യൂട്രിമിക്സ് ഭക്ഷ്യമിശ്രിതം വിതരണം ചെയ്തിട്ടുണ്ട്. പരപ്പനങ്ങാടി കുടുംബശ്രീയുടെ നൻമ ന്യൂട്രിമിക്സ് യൂണിറ്റിൽ നിന്നാണ് അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുള്ളത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| തിയതി | തൂക്കം | വില(ട്രാൻസ്പോർട്ടേഷൻ |
|---|---|---|

| | (കി.ഗ്രാം) | ചാർജ് ഒഴികെ) |
|---|---|---|
| 8.2.16 | 1695 | 94920 |
| 19.11.15 | 1626 | 91056 |
| 8.12.15 | 1549 | 86744 |
| 31.12.15 | 1511 | 84616 |
| 17.9.15 | 1272 | 71232 |
| 6.10.15 | 1343 | 75208 |
| 11.8.15 | 1046 | 58576 |
| ആകെ | 10042കി.ഗ്രാം | 562352രൂപ |

ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ട് മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കാനും സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 05.06.10 ലെ ഐ.സി.ഡി.എസ് ബി 3-312/2010 നമ്പർ കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം പരിശോധന നടത്തിയതിന്റെ ലാബ് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.6/18.12.16 ന് ലാബ്പരിശോധനകൾ നടത്തുന്നതിനായി ചെന്നൈയിൽ അയച്ചിരുന്നുവെങ്കിലും റിപ്പോർട്ട് ലഭിച്ചില്ല എന്നാണ് നിർവഹണോദ്യോഗസ്ഥ മറുപടി നൽകിയത്.. ഭക്ഷ്യമിശ്രിതത്തിന്റെ ഗുണമേൻമ വിലയിരുത്താതെ വിതരണം ചെയ്തത് ഓഡിറ്റ് ഗൗരവത്തോടെ കാണുന്നു. അപാകത ആവർത്തിക്കാതിരിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-5 <u>തെരുവ് വിളക്ക് പരിപാലനത്തിലെ വീഴ്ച പരിഹരിക്കണം.</u>

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ തെരുവു വിളക്കിന് വൈദ്യുതി ഉപയോഗിച്ച വകയിൽ പ്രതിമാസം ₹15,381/- വീതം വൈദ്യുതി ചാർജിനത്തിൽ അടച്ചു വരുന്നുണ്ട്. തെരുവ് വിളക്കിന്റെ പരിപാലനം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 12) മറുപടി പരിശോധിച്ചതിൽ നിന്നും പഞ്ചായത്തിൽ തെരുവ് വിളക്കിന്റെ പരിപാലനത്തിൽ വീഴ്ചയുള്ളതായി വ്യക്തമാകുന്നു. പ്രധനപ്പെട്ട വീഴ്ചകൾ താഴെ കൊടുക്കുന്നു.

1. നിലവിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ച തെരുവു വിളക്കുകൾ പ്രവർത്തന ക്ഷമമാണോ എന്ന് പരിശോധന നടന്നിട്ടില്ല.
2. തെരുവ് വിളക്കുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനും കേടായ ഉപകരണങ്ങൾ മാറ്റി ഇടുന്നതിനും കെ.എസ്.ഇ.ബി.യുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചില്ല. കെ.എസ്.ഇ.ബി. അധികൃതർ സഹകരിക്കാത്തതിൽ രേഖാമൂലം പരാതി ഉന്നയിച്ചിട്ടില്ല.
3. തെരുവ് വിളക്കുകളുടെ പ്രകാശിപ്പിക്കലിനെ സംബന്ധിച്ച് പഞ്ചായത്തു തല ജനകീയ സമിതിയോഗം വിലയിരുത്തിയിട്ടില്ല.
4. മുഴുവൻ തെരുവ് വിളക്കിനും മീറ്റർ സ്ഥാപിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ സത്വരനടപടികൾ സ്വീകരിക്കണം.

## 3-6 <u>ഗുണഭോക്തൃവിഹിതം തനതുഫണ്ട് അക്കൗണ്ടിൽ അവശേഷിക്കുന്നു.</u>

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഗാർഹിക പൈപ്പ് കമ്പോസ്റ്റ് എന്ന S0 151/16-ാം നമ്പർ പ്രൊജക്ടിനായി D.D no912395/30.3.16 പ്രകാരം 196800 രൂപയും ഡി.ഡി. നമ്പർ 912394/30.3.16. പ്രകാരം 21900 രൂപയും ഉൾപ്പെടെ ആകെ 218700 രൂപ ചെലവഴിച്ചിട്ടുണ്ട് . ടെണ്ടർ ക്ഷണിച്ച് റാം ബയോളജിക്കൽസ് എന്ന സ്ഥാപനത്തിൽ നിന്ന് 729 രൂപ നിരക്കിൽ പൈപ്പ് കമ്പോസ്റ്റ് വാങ്ങി 300 ഗുണഭോക്താകൾക്ക് നൽകി. അംഗീകൃത പ്രോജക്ട് പ്രകാരം ആകെ യൂണിറ്റ് കോസ്റ്റിന്റെ 10% ആയ 73രൂപ ആണ് ഗുണഭോക്തൃവിഹിതമായി ഈടാക്കേണ്ടത്.എന്നാൽ ഗുണഭോക്താകളിൽ നിന്ന് 90 രൂപ വീതം ഈടാക്കിയിട്ടുണ്ട് . ഈ ഇനത്തിൽ 5100 രൂപ തനതു ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 3/18.10.16. നൽകിയതിന് സാങ്കേതികാനുമതി ലഭിച്ചത് പ്രകാരം 90 രൂപ ഗുണഭോക്തൃവിഹിതം ഈടാക്കി എന്നാണ് മറുപടി ഹാജരാക്കിയത്. ഗുണഭോക്താക്കൾക്ക് ധനനഷ്ടം ഉണ്ടാക്കുന്നത് ഒഴിവാക്കി പ്രൊജക്ടുകൾ നിർവഹണം നടത്തേണ്ടതാണ്.

## 3-7 തിരിച്ചേല്പിച്ച സ്കൂട്ടർ ഗുണഭോക്താവിനെ കണ്ടെത്തി വിതരണം ചെയ്യണം.

പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ നിർദ്ധനരായ വികലാംഗർക്ക് യാത്ര ചെയ്യുന്നതിനായി 2014 – 15 വർഷം സൈഡ് വീലോഡ് കൂടിയ സ്കൂട്ടറുകൾ വിതരണം ചെയ്യുകയുണ്ടായി. ആയതിൽ ഖദീജ, w/o മുഹമ്മദസ്സൻ, പറമ്പിൽ പീടിക എന്ന ഗുണഭോക്താവ് ശാരീരിക പ്രശ്നം കാരണം വാഹനം ഓടിക്കാൻ കഴിയില്ല എന്നറിയിച്ച് പഞ്ചായത്തിൽ 08/03/2016 ൽ തിരിച്ചേല്പിച്ചു. ടി സ്കൂട്ടർ പഞ്ചായത്ത് ഓഫീസിന്റെ വരാന്തയിൽ പൊടി പിടിച്ച് കിടക്കുകയാണ്. ആയത് മറ്റൊരു അർഹതപ്പെട്ട ഗുണഭോക്താവിനെ കണ്ടെത്തി ഉടൻ കൈമാറാൻ നടപടി സ്വീകരിക്കണം.

## 3-8 പദ്ധതി ചെലവ് അവലോകനം

| ക്രമ നമ്പർ | ഫണ്ടിനം | വകയിരുത്തിയത് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസന ഫണ്ട് (ജനറൽ) | 11505638 | 10805192 | 94 |
| 2 | വികസന ഫണ്ട്(എസ്.സി.പി) | 5108498 | 3127933 | 61 |
| 3 | ധനകാര്യ കമ്മീഷൻ അവാർഡ് | 6831675 | 6516803 | 95 |
| 4 | ലോക ബാങ്ക് സഹായം | 2932000 | 2932000 | 100 |
| 5 | വികസനഫണ്ട്(ടി.എസ്.പി) | nil | nil | 0 |
| 6 | കേന്ദ്ര ധനസഹായം | 1649250 | 749412 | 45 |
| 7 | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 3716166 | 2698662 | 73 |
| 8 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 3723000 | 3483000 | 94 |
| 9 | തനത് ഫണ്ട് | 8375861 | 3809335 | 46 |
| 10 | ബ്ലോക്ക് വിഹിതം | 125000 | nil | 0 |
| 11 | ജില്ലാ പഞ്ചയത്ത് വിഹിതം | 125000 | nil | 0 |
| 12 | മറ്റുള്ളവ | 1511425 | 1126820 | 75 |

ഗ്രാമപഞ്ചയത്ത് 2015-16 വർഷം വിവിധഫണ്ടനങ്ങളിലായി വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ മേൽ സൂചിപ്പിച്ച കണക്കുകളുടെയടിസ്ഥാനത്തിൽ വിശകലനം ചെയ്തതിൽ ലോക ബാങ്ക് ധനസഹായം ഒഴികെ, മറ്റൊരുവിഭാഗത്തിലും 100% തുക ചെലവഴിക്കുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്ന് കാണാം. ധനകാര്യകമ്മീഷൻ ഗ്രാൻറ് വികസന ഫണ്ട് (ജനറൽ) മെയിൻറനൻസ് ഗ്രാൻറ് (റോഡ്) എന്നീ ഇനങ്ങളിൽ ഏകദേശം 95% ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ട്.ബ്ളോക്ക്,ജില്ലാ പഞ്ചാചായത്ത് വിഹിതമിനത്തിലും തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഒരു രൂപ പോലും

ചെലവഴിക്കാനാകാത്തത് ഭരണസമിതിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഗുണഭോക്താക്കൾക്ക് പരമാവധി പ്രയോജനം ലഭ്യമാകത്തക്ക രീതിയിൽ ഓരോ വർഷവും വകയിരുത്തപ്പെടുന്ന തുക ചെലവഴിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമ പഞ്ചായത്തിലെ അഗതി കുടുംബങ്ങൾക്കു വേണ്ടിയുള്ള ആശ്രയ പദ്ധതി 2012-13 ൽ തുടങ്ങി 2014-15 ൽ പൂർത്തീകരിക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. 11 അഗതി കുടുംബങ്ങളാണ് പദ്ധതി ഗുണഭോക്താക്കൾ. പഞ്ചായത്ത് വിഹിതവും ചലഞ്ച് ഫണ്ടും ഉൾപ്പെടെ 15,86,378 രൂപയാണ് പ്രോജക്ടിന് അടങ്കൽ വകയിരുത്തിയത്.പദ്ധതി കാലയളവ് കഴിഞ്ഞിട്ടും വിഭാവനം ചെയ്തിരുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ പഞ്ചായത്തിന് സാധിച്ചില്ല. അടങ്കൽ തുകയുടെ 1.27% മാത്രമാണ് ചെലവഴിച്ചത്. പ്രോജക്ട് ലക്ഷ്യമിട്ടിരുന്നതും നടപ്പിലാക്കിയതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പ്രോജക്ട് ലക്ഷ്യമിട്ടിരുന്ന പ്രവർത്തനങ്ങൾ | | | | ആകെ ചെലവ് | |
|---|---|---|---|---|---|
| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം | അടങ്കൽ | സഹായം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | തുക |
| 1 | ഭൂമി | 1 | 150000 | | 0 |
| 2 | ഭവന നിർമ്മാണം | 4 | 1000000 | | 0 |
| 3 | വീട് റിപ്പയർ | 1 | 15000 | | 0 |
| 4 | കിണർ നിർമാണം | 8 | 80000 | | 0 |
| 5 | കക്കൂസ് നിർമാണം | 6 | 21000 | | 0 |
| 6 | സ്വയം തൊഴിൽ | 3 | 60000 | | 0 |
| 7 | ഭക്ഷണം | 11 | 118800 | 6 | 20086 |
| 8 | ചികിത്സ, മരുന്ന് | 10 | 120000 | | 0 |
| 9 | വിദ്യാഭ്യാസം | 2 | 9000 | | 0 |
| 10 | പദ്ധതി ചെലവ് | | 10000 | | |
| 11 | അടിയന്തിര ആവശ്യങ്ങൾ | | 2578 | | |

| | | | | | |
|---|---|---|---|---|---|
| | ആകെ | | 1586378 | | 20086 |

ഇതിൽ ക്രമ നം. 1 മുതൽ 6 വരെ ഇനങ്ങൾക്ക് വേണ്ട 1326000 രൂപ ഗ്രാമ പഞ്ചായത്ത് വിഹിതവും ബാക്കി ഇനങ്ങൾക്ക് വേണ്ട 260378 രൂപ ചലഞ്ച്ഫണ്ടുമാണ്.ഗ്രാമ പഞ്ചായത്ത് വിഹിതമായി 104183 രൂപ 12.12.13 ന് കുടുംബശ്രീക്ക് കൈമാറി. ചലഞ്ച്ഫണ്ട് 260378 രൂപയും 10.03.14 ന് കുടുംബശ്രീക്ക് ലഭിച്ചു. ആകെ ലഭിച്ച 364561 രൂപയിൽ നിന്നും ചെലവഴിച്ചത് 20086 രൂപ മാത്രമാണ്. 2014 ഫെബ്രുവരി മുതൽ 2015 ജനുവരി വരെ പോഷകാഹാര കിറ്റ് നൽകിയതിനാണ് ഈ തുക ചെലവഴിച്ചത്. പലിശയുൾപ്പെടെ ആശ്രയ അക്കൗണ്ടിൽ 30.09.16 ന് 383071 രൂപ ബാലൻസുണ്ട്. സമൂഹത്തിലെ ഏറ്റവും അവശ വിഭാഗത്തിൽ പെട്ടവർക്കുവേണ്ടിയുള്ള ആശ്രയ പദ്ധതി നടപ്പാക്കുന്നതിൽ ഗുരുതരമായ വീഴ്ചയാണ് ഗ്രാമ പഞ്ചായത്ത് വരുത്തിയത്.സ.ഉ (എം.എസ്) 362/2013/തസ്വഭവ തിയതി : 16.11.13 ലെ അനുബന്ധം 14 ൽ ആശ്രയ പദ്ധതി എപ്രകാരമാണ് നടപ്പാക്കേണ്ടതെന്ന് പ്രതിപാദിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളനുസരിച്ച് ആശ്രയ പ്രോജക്റ്റ് നടപ്പാക്കേണ്ടതാണ്.

## 3-10 കുഴൽ കിണർ ഉപയോഗിക്കുന്നില്ല ; 84950 രൂപ പാഴ്ച്ചെലവായി

അസി.എഞ്ചിനീയർ നിർവഹണം നടത്തിയ 10 മിനി കുടിവെള്ളപദ്ധതികൾക്ക് കുഴൽ കിണർ (പ്രോജക്റ്റ് നം. 97/16) പദ്ധതിയിൽ 18 ാം വാർഡിലെ വരപ്പാറ വരിച്ചാൽ എന്നപ്രദേശത്ത് ഒരു 150 mm കുഴൽ കിണർ നിർമിച്ചിട്ടുണ്ട്. 84,950 രൂപയാണ് ഇതിന് ചെലവഴിച്ചത്. (DD No. 721725/ 31.07.15). പഞ്ചായത്ത് അധികൃതർക്കൊപ്പം ഓഡിറ്റ് ടീം ഈ സ്ഥലം നേരിൽ സന്ദർശിച്ചു. കുഴൽ കിണറിനടുത്തായി ഇരുമ്പ് സ്റ്റാന്റിൽ 1500 ലിറ്റർ കപ്പാസിറ്റിയുള്ള ഒരു HDPE ടാങ്കും രണ്ട് ടാപ്പുകളും സ്ഥാപിച്ചിട്ടുണ്ട്. സബ്മേഴ്സിബിൾ മോട്ടോർ ഉണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല.(അനുബന്ധ പ്രവൃത്തികൾ ചെയ്തത് 2016-17 ൽ ആണ്.)ഈ കുഴൽ കിണർ ആരും ഉപയോഗിക്കാതെ കാട്ടു മൂടിക്കിടക്കുകയാണ്. ഇത് പ്രവർത്തന സജ്ജമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അതുവരെ ചെലവുതുക 84,950 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-11 റോഡ് കോൺക്രീറ്റ്പ്രവൃത്തി - 1:2:4 സിമെന്റ് കോൺക്രീറ്റിന് 10cm കനം - അനാവശ്യ ചെലവ്

ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെയ്ത താഴെ പറയുന്ന റോഡ് കോൺക്രീറ്റ് പ്രവർത്തികളിൽ സിമന്റ് കോൺക്രീറ്റിംഗിന് അധിക തുക ചെലവഴിച്ചതായി കാണുന്നു. പ്രവൃത്തികൾ CPWD ഡാറ്റാ പ്രകാരമാണ് ചെയ്തിട്ടുള്ളത്.

ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം GSBക്കായി ക്വാറി മക്ക് നിരത്തിയതിനു മുകളിൽ സോളിംഗ് (അമർത്തിയത്) 7.5cm ഉം മെറ്റലിംഗ് (അമർത്തിയത്) 7.5cm ഉം അതിനുമുകളിൽ ടാറിംഗ് 2.5cmഉം കനത്തിൽ ആകെ 17.5cm ആണ് റോഡിന്റെ കനം. ഭാരമേറിയ വാഹനങ്ങൾക്കുപോലും കടന്നുപോകാൻ തക്ക ഉറപ്പുള്ള റോഡ് എന്നിരിക്കെ ഇതിനേക്കാൾ ഉറപ്പേറിയ കോൺക്രീറ്റ് റോഡിന് 10 cm കനത്തിൽ ക്വാറി മക്ക് നിരത്തി അതിനുമുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ചും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചും 10cm കനത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളത് അനാവശ്യ അധിക ചെലവിന് കാരണമായിട്ടുണ്ട്. ആയതിനാൽ ടാർ റോഡിന്റെ കനത്തിൽ പരിമിതപ്പെടുത്തി, ക്വാറി മക്ക് നിരത്തിയതിനു മുകളിൽ 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ച് 10cm കനത്തിലും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 7.5cmകനത്തിലും പരിമിതപ്പെടുത്തി കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്യാവുന്നതായിരുന്നു. ഗ്രാമ പഞ്ചായത്തിലെ മുഴുവൻ കോൺക്രീറ്റിംഗ് പ്രവൃത്തികളും 1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ചും അതിനുമുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ചും 10cm കനത്തിൽ കോൺക്രീറ്റ് ചെയ്തിട്ടുള്ളതാണ്. 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 7.5cm കനത്തിൽ കോൺക്രീറ്റ് ചെയ്തിരുന്നെങ്കിൽ അനാവശ്യമായ ചെലവുകൾ ഒഴിവാക്കാമായിരുന്നു. പ്രവൃത്തികൾ ചുവടെ

| ക്രമ നം | പ്രവൃത്തി | അളവ് പുസ്തകം | മൂല്യ നിർണ്ണയ തുക | cc 1:2:4 ചെയ്ത അളവ് (m3) | അനുവദിച്ച തുക |
|---|---|---|---|---|---|
| 1 | പടനക്കാട് ചോലയിൽ കാനാപാടം റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. 80/16 | 26/15-16 | 300000 | 22.68 | 148201 |

| | | | | | |
|---|---|---|---|---|---|
| 2 | ഇരുമ്പൻകുടുക്ക് ചോല കൊയപ്പപ്പാടം റോഡ് പ്രോജക്റ്റ് നം. 132/16 | 24/15-16 | 120000 | 15.32 | 100107 |
| 3 | കാരാട്ടാലുങ്ങൽ മേച്ചേരിക്കുണ്ട് റോഡ് കോൺക്രീറ്റിംഗ് പ്രോജക്റ്റ് നം. 56/16 | 27/15-16 | 250000 | 18.86 | 123240 |
| 4 | നടുക്കര കീപ്പിലാട്ട് റോഡ് പ്രോജക്റ്റ് നം. 134/16 | 20/15-16 | 200000 | 15.44 | 100892 |
| 5 | വെട്ടുതോട് സിദ്ദീഖാബാദ് റോഡ് കോൺക്രീറ്റ് പ്രോജക്റ്റ് നം. 172/16 | 21/15-16 | 300000 | 24.33 | 158983 |

അപാകത ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 14/ 21.10.16) മറുപടിയിൽ, സൈറ്റ് കണ്ടീഷനും വാഹന ബാഹുല്യവും കണക്കിലെടുത്താണ് അത്രയും കനം നൽകിയതെന്നും പിന്നീടുള്ള പ്രവൃത്തികളിൽ ക്വാറി മക്ക് -10 cm, cc 1:4:8 -10 cm, cc 1:2:4 -7.5 cm എന്ന രീതിയിലാണ് വിവിധ പാളികൾക്ക് കനം നൽകിയിരിക്കുന്നതെന്നും അസി.എഞ്ചിനീയർ വിശദീകരിച്ചു. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം 12366/- രൂപ ഈടാക്കിയിട്ടുണ്ട്

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ നിലവിലുള്ള ആശുപത്രികളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | ആശുപത്രികളുടെ പേര് | മാനേജിംഗ് കമ്മിറ്റി രൂപീകരിച്ച വർഷം / തീയ്യതി | വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിൻെറ വിവരം | | മുൻ ഓഡിറ്റ് | ഓഡിറ്റ് റിപ്പോർട്ട് പുറപ്പെട്ട വിച്ച വിവരം | ചാർട്ടേർഡ് അക്കൗണ്ടൻറ് ഓഡിറ്റ് ചെയ്ത വാർഷിക കണക്കിൻെറ വിവരം | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | | വർഷം | തീയ്യതി | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | സി,എച്ച്.സി. പെരുവള്ളൂർ | 12/06/2002 | - | - | 2004-2005 | 2004-2005 | - | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 34636239 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44976056 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,17712 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 84950 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | ₹1,17712/- | ശ്രീ,ജെ.ശിവൻക്കുട്ടി,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 84950 | അസി. എഞ്ചിനിയർ ശ്രീമതി.ദിവ്യ.എം.എൻ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ,ജെ.ശിവൻക്കുട്ടി,സെക്രട്ടറി | സെക്രട്ടറി,പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് | ദോസ്തി ക്വാർട്ടേഴ്സ്,കക്കാടംപുറം,എ.ആർ.നഗർ(പി.ഒ)-676305 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.എം 11/63/2003/4-7-13 | 3 |
| 01-02 -DCB | എൽ.എഫ്.എം 17/92/2008/9-12-08 | 2 |
| 01-02-Exp | എൽ.എഫ്.എം 11/1538 /2006/22-2-07 | 7 |
| 02-03DCB | എൽ.എഫ്.എം 11/93/08/10-12-08 | 1 |
| 02-03-Exp | എൽ.എഫ്.എം 11/1538 /(4)06/20-3-07 | 9 |
| 03-04 | എൽ.എഫ്.എം 11/94/2008/6-2-09 | 9 |

| | | |
|---|---|---|
| 04-05 | എൽ.എഫ്.എം 11//21 /09/1-4=09 | 8 |
| 05-06 | എൽ.എഫ്.എം 17/775 /09/1-4-09 | 14 |
| 06-07 | എൽ.എഫ്.എം 17/776 /09/14-9-09 | 10 |
| 07-08 | എൽ.എഫ്.എം 17/1100 /09/15-10-09 | 14 |
| 08-09 | എൽ.എഫ്.എം 15/1167 /2011/8-7-11 | 5 |
| 09-10 | എൽ.എഫ്.എം 15/2241 /11/30-1-12 | 12 |
| 10-11 | എൽ.എഫ്.എം 15/1751 /13/21-10-13 | 9 |
| 11-12-12-13 | എൽ.എഫ്.എം 15/590 /15/27-4-15 | 16 |
| 13-14,14-15 | കെ.എസ്.എ.എം.പ്.എം 15/1411/16 | 11 |

ഡെപ്യൂട്ടി ഡയറക്ടർ,

മലപ്പുറം

# ANNEXURE -1

# AUDIT CERTIFICATE

AUDIT CERTIFICATE

KSA.MPM.15/3004/2016
Dated 7.12.2016

Certified that I have Audited the Annual Financial Statement of Peruvallur Grama Panchayat in Malappuram District for the year Ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the Kerala Panchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj institutions.
In my Opinion, the financial Statements of Peruvallur Grama Panchayat for the year 2015-16 subject to the observation in the annexure properly presents the picture of income ,expenditure and closing balance.

ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എംപിഎം.15/3004/2016 തീയ്യതി 7.12.2016

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവംലംബിച്ചും മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 31.3.2016 ൽ അവസാനിച്ച 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്